"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആഭ്യന്തര വകുപ്പ്-പോലീസ് ജീവനക്കാര്യം-ഇടുക്കി DHQ-വിലെ CPO 4144 ശ്രീ.ജെനീഷ് പി.എസ് അവധിയിലായിരുന്ന കാലയളവ് മെഡിക്കൽ സർട്ടിഫിക്കറ്റിൻമേൽ ശൂന്യവേതനാവധിയായി ക്രമീകരിച്ച് നൽകി-ഉത്തരവ് പുറപ്പെടുവിക്കാ

---

**ആഭ്യന്തര (പി) വകുപ്പ്**

സ.ഉ.(സാധാ) നം.4413/2025/HOME തീയതി,തിരുവനന്തപുരം, 19-12-2025

---

പരാമർശം:- 1. 24/08/2017 തീയതിയിലെ സ.ഉ(പി) നം.112/2017/ധനം നമ്പർ ഉത്തരവ്

2. സംസ്ഥാന പോലീസ് മേധാവിയുടെ 22/11/2024, 18/09/2025 തീയതികളിലെ ഇ5-206570/2024/PHQ നമ്പർ കത്തുകൾ

**ഉത്തരവ്**

ഇടുക്കി DHQ-വിലെ CPO 4144 ശ്രീ.ജെനീഷ് പി.എസ് അസുഖത്തെ തുടർന്ന് 03/06/2023 മുതൽ 22/08/2024 വരെ മെഡിക്കൽ അവധിയിൽ പ്രവേശിക്കുകയുണ്ടായി. ടി അവധി കാലയളവിൽ, 03/06/2023 മുതൽ 02/01/2024 വരെയുള്ള 214 ദിവസത്തെ കാലയളവ് ആർജ്ജിതാവധിയായും ,തുടർന്നുള്ള 03/01/2024 മുതൽ 11/02/2024 വരെയുള്ള 40 ദിവസം ടിയാന്റെ ക്രെഡിറ്റിലുള്ള പരിവർത്തിതാവധിയായും ഇടുക്കി ജില്ലാ പോലീസ് മേധാവി ക്രമീകരിച്ച് നൽകുകയുണ്ടായി. ബാക്കിയുള്ള 12/02/2024 തീയതി മുതൽ 22/08/2024 വരെയുള്ള 193 ദിവസത്തെ അവധി കാലയളവ് മെഡിക്കൽ സർട്ടിഫിക്കറ്റോടുകൂടിയ ശൂന്യവേതനാവധിയായി ക്രമീകരിക്കണമെന്ന് ശിപാർശ ചെയ്ത് റിപ്പോർട്ട് സംസ്ഥാന പോലീസ് മേധാവി, പരാമർശം (2) പ്രകാരം സർക്കാരിൽ ലഭ്യമാക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.ജെനീഷ് പി.എസ്. അവധിക്കുശേഷം ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് സഹിതം 23/08/2024 തീയതിയിൽ തിരികെ ജോലിയിൽ പ്രവേശിച്ച് നോർമൽ ഡ്യൂട്ടി ചെയ്തുവരുന്നതായി സംസ്ഥാന പോലീസ് മേധാവി വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ മെഡിക്കൽ അവധിയിൽ കഴിഞ്ഞിരുന്ന ശ്രീ.ജെനീഷ് പി.എസ്-നെ 12/03/2024 തീയതിയിൽ രണ്ടാം വൈദ്യപരിശോനക്ക് വിധേയനാക്കുകയും, ടിയാൻ ദൈനംദിന ഡ്യൂട്ടികൾ ചെയ്യാൻ പ്രാപ്തനല്ലായെന്നും, ടിയാന് ലൈറ്റ് ഡ്യൂട്ടി നൽകാവുന്നതാണെന്നും ഡോക്ടർ റിപ്പോർട്ട് ചെയ്തിട്ടുമുണ്ട്.ആയതിനാൽ ശ്രീ.ജെനീഷ് പി.എസ്. അവധിയിൽ കഴിഞ്ഞ 12/02/2024 മുതൽ 22/08/2024 വരെയുള്ള കാലയളവ് ആർജിതാവധിക്ക് കണക്കാക്കുന്നതല്ലായെന്ന വ്യവസ്ഥയിൽ കെഎസ്ആർ ഭാഗം I, ചട്ടം 88 പ്രകാരം മെഡിക്കൽ സർട്ടിഫിക്കറ്റിൻമേൽ ശൂന്യവേതനാവധിയായി ക്രമീകരിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

MANJU M

ഡെപ്യൂട്ടി സെക്രട്ടറി

സംസ്ഥാന പോലീസ് മേധാവി, തിരുവനന്തപുരം (ശ്രീ.ജെനീഷ് പി.എസ്-ന്റെ സേവനപുസ്തകം സഹിതം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) തിരുവനന്തപുരം

ശ്രീ.ജെനീഷ് പി.എസ്, CPO 4144 (സംസ്ഥാന പോലീസ് മേധാവി മുഖേന)

വിവര പൊതുജന സമ്പർക്ക (വെബ്&ന്യൂ മീഡിയ) വകുപ്പ്

കരുതൽ ശേഖരം/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Sini George
Date: 20-12-2025 10:31:13

സെക്ഷൻ ഓഫീസർ